I/66566/2022

**സംയോജിത ശിശു സംരക്ഷണ പദ്ധതി കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി. IAS. ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/4005/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 12-11-2022

---

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - **കൊല്ലം സ്വദേശി സിദ്ധാർത്ഥ് .എസ്** എന്ന കുട്ടിക്ക് -ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം : കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 05/08/2022 ലെ DCPU/KLM/D2/BN/17/21 നമ്പർ കത്ത്

കൊല്ലം ജില്ലയിൽ ചാത്തന്നൂർ,കോയിപ്പാട് അനില ഭവനിൽ ശ്രീ. അനിൽ കുമാർ,ശരണ്യ ദമ്പതികളുടെ മകനായ സിദ്ധാർഥ് എസ് (13 വയസ്സ്) എന്ന കുട്ടി ക്യാൻസർ (Osteo Sarcoma) രോഗബാധിതനാണ്. 2020 മുതൽ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിലാണ്. കുട്ടിയുടെ ഇടത് കാലിൽ ക്യാൻസർ പൂർണ്ണമായും ബാധിച്ചിരിക്കുന്നതായും ടി ചികിത്സയ്ക്കായി 5,00,000/-രൂപ ചിലവ് വരുമെന്നും ആയതിനാൽ കുട്ടിയെ ബാലനിധിയിൽ ഉൾപ്പെടുത്തി, നിലവിൽ ചികിത്സാ ഇനത്തിൽ ചിലവായ 2,51,771/- രൂപയിൽ നിന്നും, ബാലനിധി പ്രകാരം പരമാവധി അനുവദിക്കാവുന്ന തുകയായ 2,00,000/-രൂപ അനുവദിക്കണമെന്ന് കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശ പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള കൊല്ലം ജില്ലയിൽ ചാത്തന്നൂർ,കോയിപ്പാട് അനില ഭവനിൽ ശ്രീ. അനിൽ കുമാർ,ശരണ്യ ദമ്പതികളുടെ മകനായ സിദ്ധാർഥ് എസ് എന്ന കുട്ടിയുടെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻെറയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയായ 2,00,000/-**രൂപ (രണ്ട് ലക്ഷം രൂപ മാത്രം )** അനുവദിച്ചു ഉത്തരവാകുന്നു.

ടി തുകയായ 2,00,000/-**രൂപ (രണ്ട് ലക്ഷം രൂപ മാത്രം )** 2235-02-106-91 (P) എന്ന ശീർഷകത്തിൽ നിന്നും കൊല്ലം വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി

I/66566/2022

നൽകേണ്ടതും. വനിത ശിശു വികസന ഓഫീസർ തുക കൊല്ലം ജില്ലാ ശിശുസംരക്ഷണ ഓഫീസർക്ക് അലോട്ടുമെന്റായി നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസര് തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെയോ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കൊല്ലം

പകർപ്പ് :

1. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന്)
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കൊല്ലം
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 12-11-2022 18:09:34